ഉത്തരം

(എ&ബി) 2006-2011 കാലയളവിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ഒരുക്കുന്നതിന് പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ശരാശരി 59.50 കോടി രൂപ ഓരോ വർഷവും ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| വർഷം | ചെലവഴിച്ച തുക (രൂപ) |
| --- | --- |
| 2006-2007 | 44,63,94,550 (നാല്പത്തി നാല് കോടി അറുപത്തി മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി അഞ്ഞൂറ്റി അൻപത്) |
| 2007-2008 | 73,51,38,474 (എഴുപത്തി മൂന്ന് കോടി അൻപത്തി ഒന്ന് ലക്ഷത്തി മുപ്പത്തി എണ്ണായിരത്തി നാനൂറ്റി എഴുപത്തിനാല്) |
| 2008-2009 | 74,58,70,400 (എഴുപത്തി നാല് കോടി അൻപത്തിയെട്ട് ലക്ഷത്തി എഴുപതിനായിരത്തി നാനൂറ്) |
| 2009-2010 | 46,71,69,450 (നാലിപത്തി ആറ് കോടി എഴുപത്തി ഒന്ന് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി നാനൂറ്റി അൻപത്) |
| 2010-2011 (8-2-2013 വരെ) | 58,36,82,900 (അൻപത്തിയെട്ട് കോടി മുപ്പത്തിയാറ് ലക്ഷത്തി എൺപത്തി രണ്ടായിരത്തി തൊള്ളായിരം) |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വയം തൊഴിൽ സംരംഭങ്ങൾ ഒരുക്കുന്നതിനുമാത്രം ചെലവഴിച്ച തുക താഴെപ്പറയുംപ്രകാരമാണ് :

(18-5-2011 മുതൽ)

| വർഷം | ചെലവഴിച്ച തുക (രൂപ) |
| --- | --- |
| 2011-2012 | 68,42,23,500 (അറുപത്തിയെട്ട് കോടി നാല്പത്തിരണ്ട് ലക്ഷത്തി ഇരുപത്തി മൂവായിരത്തി അഞ്ഞൂറ്) |
| 2012-2013 8-2-2013 വരെ | 60,54,21,800 (അറുപത് കോടി അൻപത്തി നാല് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി എണ്ണൂറ്) |

## പട്ടികജാതിക്കാരുടെ സ്വയംസംരംഭക വ്യവസായ യൂണിറ്റുകൾക്ക് ധനസഹായം

311 (2834) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയംസംരംഭകരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ആരംഭിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് പട്ടികജാതി വികസന വകുപ്പിൽനിന്നും ധനസഹായം അനുവദിക്കുന്നുണ്ടോ ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ബഡ്ജറ്റിലെ ഏതെല്ലാം പദ്ധതികൾ പ്രകാരമാണ് ധനസഹായം അനുവദിക്കുന്നതെന്നും അതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അഭ്യസ്ത വിദ്യരായ പട്ടികജാതി യുവതീ-യുവാക്കൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ബാങ്കിൽനിന്നും ലഭ്യമാകുന്ന വായ്പയുടെ 1/3 തുക സബ്സിഡിയായി ബാങ്കിന് അനുവദിക്കുന്ന പദ്ധതി വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്നു. ഈ പദ്ധതി പ്രകാരം വ്യക്തികൾക്ക് പരമാവധി ഒരു ലക്ഷം രൂപ വരെയും 5 പേരടങ്ങുന്ന ഗ്രൂപ്പിന് 3.50 ലക്ഷം രൂപ വരെയും സബ്സിഡിയായി നൽകുന്നു. നടപ്പ് സാമ്പത്തിക വർഷം ഈ പദ്ധതി പ്രകാരം സബ്സിഡി നൽകുന്നതിനുള്ള തുക കോർപ്പസ് ഫണ്ടിൽ നിന്നാണ് കണ്ടെത്തിയിട്ടുള്ളത്.

ബെനിഫിഷറി ഓറിയന്റഡ് പദ്ധതി

312 (2835) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നാക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന ബെനിഫിഷറി ഓറിയന്റഡ് പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം നാളിതുവരെ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കി എന്നത് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ബെനിഫിഷറി ഓറിയന്റഡ് പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പട്ടികജാതിവകുപ്പുവഴിയുള്ള ചികിത്സാ ധനസഹായം

313 (2836) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നാക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വകുപ്പുവഴിയുള്ള ചികിത്സാ ധനസഹായം നൽകിയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ അവസാന രണ്ടുവർഷം പ്രസ്തുത ധനസഹായത്തിനായി എത്ര തുക വിനിയോഗിച്ചെന്നും വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly